8737
26/4/18

കേരള സർക്കാർ

സംഗ്രഹം

പാർലമെന്ററികാര്യ വകുപ്പ് - മുൻ എം.എൽ.എ ശ്രീ. കളത്തിൽ അബ്ദുള്ളയ്ക്ക് കരൾ മാറ്റ ശസ്ത്രക്രിയയ്ക്കായി 20 ലക്ഷം രൂപ മെഡിക്കൽ അഡ്വാൻസ് അനുവദിക്കുന്നത് - ചട്ടങ്ങളിൽ ഇളവ് വരുത്തി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പാർലമെന്ററികാര്യ (എ) വകുപ്പ്

സ.ഉ.(സാധാ) നം .24/2018/പാ.കാ.വ തീയതി, തിരുവനന്തപുരം, 25.04.2018

---

പരാമർശം : നിയമസഭാ സെക്രട്ടറിയുടെ 09.03.2018-ലെ 8620/എം.എ.ഡി3/2014/നി.സെ നമ്പർ കത്ത്

**ഉത്തരവ്**

മുൻ നിയമസഭാംഗം ശ്രീ.കളത്തിൽ അബ്ദുള്ളയ്ക്ക് കോഴിക്കോട് ആസ്റ്റർ മിംസ് ആശുപത്രിയിലെ ഡോക്ടറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കരൾ മാറ്റ ശസ്ത്രക്രിയയ്ക്കായി 20 ലക്ഷം രൂപ മെഡിക്കൽ അഡ്വാൻസ് അനുവദിക്കണമെന്ന അപേക്ഷയിൽ തീരുമാനമെടുക്കുവാൻ നിയമസഭാ സെക്രട്ടറി പരാമർശിത കത്ത് മുഖേന സർക്കാരിനോട് അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1988-ലെ ദ മെഡിക്കൽ അറ്റൻഡൻസ് ടു ദ എക്സ് മെമ്പേഴ്സ് ഓഫ് ദ ലെജിസ്ലേറ്റീവ് അസംബ്ലി റൂൾസ്-ലെ വ്യവസ്ഥകൾക്ക് വിധേയമായാണ് മുൻ നിയമസഭാംഗങ്ങൾക്ക് ചികിത്സാ ചെലവ് അനുവദിക്കുന്നത്. മേൽ ചട്ടങ്ങൾ പ്രകാരം ഒരു മുൻ എം.എ ൽ.എ-ക്കു ചാർജ് കൂടാതെയുള്ള ചികിത്സക്ക് അർഹതയുള്ളതും അംഗീകൃത മെഡിക്കൽ അറ്റൻഡന്റിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ ആ ജില്ലയിലെ ഗവണ്മെന്റ് ആശുപത്രിയിലോ ഗവണ്മെന്റ് ആശുപത്രി ഇല്ലെങ്കിൽ മാത്രം അതേ ജില്ലയിലെ സർക്കാരിതര ആശുപത്രികളിലോ ചികിത്സ തേടാവുന്നതും തുക റീഇമ്പേഴ്സ് ചെയ്യാവുന്നതുമാണ്. എന്നാൽ മെഡിക്കൽ അഡ്വാൻസ് അനുവദിക്കാൻ മേൽ ചട്ടങ്ങളിൽ വ്യവസ്ഥയില്ല.

മേൽ സാഹചര്യത്തിൽ, മുൻ എം.എൽ.എ ശ്രീ. കളത്തിൽ അബ്ദുള്ള-യ്ക്ക് കോഴിക്കോട് ആസ്റ്റർ മിംസ് ആശുപത്രിയിൽ കരൾ മാറ്റ ശസ്ത്രക്രിയയ്ക്കായി 1988-ലെ ദ മെഡിക്കൽ അറ്റൻഡൻസ് ടു ദ എക്സ് മെമ്പേഴ്സ് ഓഫ് ദ ലെജിസ്ലേറ്റീവ് അസംബ്ലി റൂൾസ്-ലെ ചട്ടങ്ങളിൽ ഇളവു വരുത്തി 20 ലക്ഷം രൂപ മെഡിക്കൽ അഡ്വാൻസായി അനുവദിക്കുവാൻ അനുമതി നൽകി ഉത്തരവാകുന്നു. പ്രസ്തുത തുക "2071-01-800-96-Medical Attendance Charges to the legislators drawing Pension" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും അനുവദിച്ച് ശ്രീ. കളത്തിൽ അബ്ദുള്ള-യ്ക്ക് അർഹമായ മെഡിക്കൽ റീഇംപേഴ്സ്മെന്റ് തുകയിൽ ഇത് ക്രമപ്പെടുത്തി ബാക്കി തുക ഉള്ള പക്ഷം അത് തിരിച്ചു പിടിക്കാനുള്ള നടപടികൾ നിയമസഭാ സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**റ്റി. ഒ. സൂരജ്**

സെക്രട്ടറി

ശ്രീ.കളത്തിൽ അബ്ദുള്ള, മുൻ എം.എൽ.എ, കളത്തിൽ വീട്, മണ്ണാർക്കാട്പി.ഒ, പാലക്കാട് - 678582
സെക്രട്ടറി, കേരള നിയമസഭ (ആമുഖകത്ത് സഹിതം)
ധനകാര്യ വകുപ്പ് (17.04.2018 തീയതിയിലെ 789948/എൽ3/184/2018-ധന നം. കുറിപ്പ് പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ് (24.04.2018 തീയതിയിലെ മന്ത്രിസഭാ തീരുമാനം ഇനം. .... പ്രകാരം)
വെബ് ആന്റ് ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

2459705/2018/OS-PAD

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 24-04-2018**

ഫയൽ നം.പാ.കാ.വ-എ2/84/2018-പാ.കാ.വ. ഇനം നം: 2106

വിഷയം : പാർലമെന്ററികാര്യ വകുപ്പ് - മുൻ നിയമസഭാംഗം ശ്രീ. കളത്തിൽ അബ്ദുള്ളയ്ക്ക് കരൾ മാറ്റ ശസ്ത്രക്രിയയ്ക്കായി 20 ലക്ഷം രൂപ മെഡിക്കൽ അഡ്വാൻസ് അനുവദിക്കണമെന്ന അപേക്ഷ.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

പോൾ ആന്റണി
ചീഫ് സെക്രട്ടറി

സെക്രട്ടറി, പാർലമെന്ററികാര്യ വകുപ്പ്.

Issue GO timely

ടി.ഒ. സൂരജ് ഐ.എ.എസ്.
സെക്രട്ടറി
പാർലമെന്ററി കാര്യവകുപ്പ്
കേരള സർക്കാർ

കേരള സർക്കാർ

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | : പാ.കാ.വ-എ 2/84/2018-പാ.കാ.വ |
| 2 | വകുപ്പ് | : പാർലമെന്ററികാര്യ (എ) വകുപ്പ് |
| 3 | വിഷയം | : മുൻ നിയമസഭാംഗം ശ്രീ. കളത്തിൽ അബ്ദുള്ളയ്ക്ക് കരൾ മാറ്റ ശസ്ത്രക്രിയയ്ക്കായി 20 ലക്ഷം രൂപ മെഡിക്കൽ അഡ്വാൻസ് അനുവദിക്കണമെന്ന അപേക്ഷ - സംബ |
| 4 | മന്ത്രിസഭാ യോഗത്തിനു സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി; | : 09/04/18 |
| 5 | (I)ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ;<br>(ii)സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : i)അതെ<br>: ii)ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര്; | : ശ്രീമതി. ബി. ആർ. യമുന |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര്; | : ശ്രീ. റ്റി. ഒ. സൂരജ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി; | : 19.04.2018 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര്; | : ശ്രീ. പോൾ ആന്റണി |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി; | : 19.04.2018 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര്; | : ശ്രീ. എ.കെ. ബാലൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി; | : 23.04.2018 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി; | : 23.04.2018 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി; | : |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും; | : |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

മുൻ നിയമസഭാംഗം ശ്രീ. കളത്തിൽ അബ്ദുള്ളയ്ക്ക് കരൾ മാറ്റ ശസ്ത്രക്രിയയ്ക്കായി 20 ലക്ഷം രൂപ മെഡിക്കൽ അഡ്വാൻസ് അനുവദിക്കണമെന്ന അപേക്ഷ സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്

മുൻ നിയമസഭാംഗം ശ്രീ. കളത്തിൽ അബ്ദുള്ളയ്ക്ക് കരൾ മാറ്റ ശസ്ത്രക്രിയയ്ക്കായി 20 ലക്ഷം രൂപ മെഡിക്കൽ അഡ്വാൻസ് അനുവദിക്കണമെന്ന അപേക്ഷ നിയമസഭാ സെക്രട്ടറി മുഖേന സർക്കാരിൽ ലഭിച്ചിട്ടുണ്ട്. The Medical Attendance to the Ex-Members of the Legislative Assembly Rules, 1988-ലെ വ്യവസ്ഥകൾക്ക് വിധേയമായാണ് മുൻ നിയമസഭാംഗങ്ങൾക്ക് ചികിത്സാ ചെലവ് അനുവദിക്കുന്നത്. മേൽ ചട്ടങ്ങൾ (ചട്ടം 3, ചട്ടം 6 എന്നിവ) പ്രകാരം ഒരു മുൻ എം ൽ എ ക്ക ചാർജ് കൂടാതെയുള്ള ചികിത്സക്ക് അർഹതയുള്ളതും അംഗീകൃത മെഡിക്കൽ അറ്റൻഡന്റിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ ആ ജില്ലയിലെ ഗവണ്മെന്റ് ആശുപത്രിയിലോ ഗവണ്മെന്റ് ആശുപത്രി ഇല്ലെങ്കിൽ മാത്രം അതേ ജില്ലയിലെ സർക്കാരിതര ആശുപത്രികളിലോ ചികിത്സ തേടാവുന്നതും തുക റിഇമ്പേഴ്സ് ചെയ്യാവുന്നതുമാണ്. എന്നാൽ മെഡിക്കൽ അഡ്വാൻസ് അനുവദിക്കാൻ മേൽ ചട്ടങ്ങളിൽ വ്യവസ്ഥയില്ല. മേൽ സാഹചര്യത്തിൽ മുൻ നിയമസഭാംഗം ശ്രീ. കളത്തിൽ അബ്ദുള്ളയ്ക്ക് സ്വകാര്യ ആശുപത്രിയിലെ കരൾമാറ്റ ശസ്ത്രക്രിയയ്ക്കായി 20 ലക്ഷം രൂപ മെഡിക്കൽ അഡ്വാൻസ് ആയി അനുവദിക്കുന്ന കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടിയപ്പോൾ ആ വകുപ്പ് താഴെ പറയുന്ന അഭിപ്രായം രേഖപ്പെടുത്തി:

" മുൻ എം.എൽ.എ ശ്രീ കളത്തിൽ അബ്ദുള്ളയ്ക്ക് കോഴിക്കോട് ആസ്റ്റർ മിംസ് ഹോസ്പിറ്റലിൽ കരൾമാറ്റ ശസ്ത്രക്രിയയ്ക്കായി 20 ലക്ഷം രൂപ മെഡിക്കൽ അഡ്വാൻസ് അനുവദിക്കണമെന്ന അപേക്ഷ മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ 09.04.2018-ന് ധനകാര്യ വകുപ്പ് ഫയൽ നമ്പർ: 789948/L3/184/2018-FIN പ്രകാരം ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്. ബഹു മുഖ്യമന്ത്രിയുടെ ഉത്തരവിൻ പ്രകാരം മുൻ എം.എൽ.എ ശ്രീ കളത്തിൽ അബ്ദുള്ളയുടെ അപേക്ഷ മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിലേയ്ക്കായി ഫയൽ ഭരണവകുപ്പിന് തിരികെ നല്കുന്നു."

എന്നാൽ ഏത് ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും തുക കണ്ടെത്തി അനുവദിക്കണം എന്ന് ധനകാര്യ വകുപ്പ് വ്യക്തമാക്കാത്തതിനാൽ നിയമസഭാ സെക്രട്ടറിയുടെ കീഴിലുള്ള "2071-01-800-96-Medical Attendance Charges to the legislators drawing Pension" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും തുക അനുവദിക്കുന്ന കാര്യത്തിൽ അനുമതിക്കും അഭിപ്രായത്തിനുമായി ഫയൽ വീണ്ടും ധനകാര്യ വകുപ്പിലേയ്ക്കയച്ചപ്പോൾ പ്രസ്തുത വകുപ്പ് താഴെ പറയുന്ന അഭിപ്രായം രേഖപ്പെടുത്തി.

*"The Administrative Department is informed that, medical advance of Rs 20 lakh may be sanctioned to Sri. Kalathil Abdulla, Ex.MLA under the H/A-'2071-01-800-96' Medical Attendance*

*Charges to the legislators drawing Pension, in relaxation of the existing rules. Administrative Department is also advised to take necessary steps for the recovery of the balance amount if any; comes against eligible medical re-imbursement claims."*

മേൽ സാഹചര്യത്തിൽ, മുൻ എം.എൽ.എ ശ്രീ. കളത്തിൽ അബ്ദുള്ള-യ്ക്ക് The Medical Attendance to the Ex-Members of the Legislative Assembly Rules, 1988-ൽ ഇളവു വരുത്തി 20 ലക്ഷം രൂപ മെഡിക്കൽ അഡ്വാൻസായി അനുവദിക്കാമോ എന്നും തുടർന്ന് അദ്ദേഹത്തിന് അർഹതപ്പെട്ട മെഡിക്കൽ റിഇംപേഴ്സ്മെന്റ് തുകയിൽ അത് ക്രമപ്പെടുത്തിയ ശേഷം ബാക്കി തുക ഉള്ള പക്ഷം അത് തിരിച്ചു പിടിക്കാമോ എന്നും തീരുമാനിക്കേണ്ടതുണ്ട്.

ഈ വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ധനകാര്യ വകുപ്പിന്റെ 789948/L3/184/2018-FIN നമ്പർ ഫയലിൽ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

മുൻ നിയമസഭാംഗം ശ്രീ. കളത്തിൽ അബ്ദുള്ളയ്ക്ക് കരൾ മാറ്റ ശസ്ത്രക്രിയയ്ക്കായി The Medical Attendance to the Ex-Members of the Legislative Assembly Rules, 1988 ചട്ടങ്ങളിൽ ഇളവു വരുത്തി "2071-01-800-96-Medical Attendance Charges to the legislators drawing Pension" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും 20 ലക്ഷം രൂപ, അർഹമായ മെഡിക്കൽ റിഇംപേഴ്സ്മെന്റ് തുകയിൽ ക്രമപ്പെടുത്തി ബാക്കി തുക ഉള്ള പക്ഷം അത് തിരിച്ചു പിടിക്കേണ്ടതാണ് എന്ന വ്യവസ്ഥയിൽ അനുവദിക്കാമോ?